**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **12-06-2024 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിലാറിന്റെ തീര സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ വാർഡ് 7 കല്ലുവളയം പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ തീര സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ വാർഡ് 7 കല്ലുവളയം പള്ളിയ്ക്ക് സമീപം അച്ചൻകോവിലാറിന്റെ തീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള 3 കോടി രൂപയുടെ പ്രവർത്തിയ്ക്ക് 2023-24 ബഡ്ജറ്റിൽ 20% തുകയുടെ പ്രൊവിഷൻ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റും ഭരണാനുമതിയുടെ പകർപ്പും പ്രദേശത്തെ മണ്ണ് പരിശോധനയുടെ റിപ്പോർട്ടും ലഭ്യമാക്കുമോ; പ്രസ്തുത സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ത്വരിതഗതിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷനു വേണ്ടി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി യുടെ കാര്യാലയത്തിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുകയും, ആയതിന് ഭരണാനുമതി നൽകി ടെൻഡർ ചെയ്ത്, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ പൂർത്തീകരിച്ച് ഭരണാനുമതിയ്ക്കായുള്ള DPR ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ